ഖാദി ഗ്രാമ വ്യവസായ കമ്മീഷണറേറ്റിന്റെ പ്രോഡിപ്പ് (പ്രോഡക്ട് ഡവലപ്മെന്റ് ഡിസൈൻ ഇന്റർവെൻഷൻ ആന്റ് പാക്കേജിംഗ്) പദ്ധതിപ്രകാരം പുതിയ തുണിത്തരങ്ങളുടെ (സാറ്റിൻ ബഡ്ഷീറ്റ്, ഒരാൾ നെയ്യുന്ന കുപ്പടം മുണ്ടുകൾ, ടിൽ ഷർട്ടിംഗ്) നിർമ്മാണം ആരംഭിച്ചു. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിലുൾപ്പെടുത്തി പുതിയ ഇനങ്ങളായ മോക്ക് ലിനോ ടവൽ, ഡിസൈൻ ബഡ്ഷീറ്റ്, കൊതുകുവല എന്നിവയുടെ നിർമ്മാണവും ബോർഡ് ആരംഭിച്ചു. ഖാദി കമ്മീഷണറേറ്റിന്റെ ഖാദി കരിഗാർ ജനശ്രീ ബീമാ യോജന പദ്ധതിയിൽ 4028 തൊഴിലാളികളെ അംഗങ്ങളാക്കി. 536 തൊഴിലാളികളുടെ മക്കൾക്ക് 1200 രൂപാ വീതം വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു.

ഖാദി തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യം വർദ്ധിപ്പിച്ചു. പെൻഷൻ തുക കുറഞ്ഞത് 100 രൂപയിൽ നിന്ന് 300 രൂപ ആയും കൂടിയത് 300 രൂപയിൽ നിന്ന് 700 രൂപയായും വർദ്ധിപ്പിച്ചു. ഖാദി തൊഴിലാളികളുടെ പെൺമക്കൾക്കും സ്ത്രീ തൊഴിലാളികൾക്കും വിവാഹ ധനസഹായമായി 2000 രൂപ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തു.

(ബി) ഖാദി ചില്ലറ വിൽപ്പനക്ക് സംസ്ഥാന സർക്കാർ വർഷം മുഴുവൻ 10 ശതമാനം റിബേറ്റ് നൽകുന്നുണ്ട്.

(സി) പ്രതിവർഷം ശരാശരി 220 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,112.17 ലക്ഷം രൂപ റിബേറ്റിനത്തിൽ അനുവദിച്ചു.

ഖാദി ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതി ഇളവ് നൽകുവാൻ നടപടി

27 [701] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതി ഈടാക്കാറുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനമാണെന്നും വിറ്റുവരവ് പരിധി എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഏതെങ്കിലും ആനുകൂല്യം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഖാദി ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതിയിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഖാദി തുണിത്തരങ്ങളും 21 ഇനം ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളും ഒഴിച്ചുള്ള ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതി ഈടാക്കുന്നുണ്ട്.

(ബി) വിവിധ ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾക്ക് വിവിധ നിരക്കിൽ (1%, 4%, 12.5%) ആണ് വിൽപ്പന നികുതി കണക്കാക്കുന്നത്. വിറ്റുവരവ് പരിധി ബാധകമല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഖാദി ഉൽപ്പന്നങ്ങളെ വിൽപ്പന നികുതിയിൽ നിന്ന് നേരത്തേ തന്നെ ഒഴിവാക്കിയിട്ടുള്ളതാണ്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

തേനിന്റെ വിലത്തകർച്ച

28 [T 702] ശ്രീ. കെ. മോഹൻകുമാർ:
,, കെ. എ. ചന്ദ്രൻ:
,, വി. ജെ. പൗലോസ്
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന തേനിന് വിലത്തകർച്ചയുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടോണിക് നിർമ്മാണ കമ്പനികൾക്ക് കേരളത്തിൽ നിന്ന് അയച്ച തേൻ അവരെടുക്കാതെ തിരിച്ചയച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(ഡി) ഇവിടത്തെ തേനിന്റെ ഗുണനിലവാര പരിശോധന നടത്തിയ റിപ്പോർട്ട് കൊടുക്കാത്തതുകൊണ്ടാണോ വടക്കേന്ത്യയിലെ ടോണിക് കമ്പനികൾ അതിനെ നിരാകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ടോണിക് നിർമ്മാണ കമ്പനികൾക്ക് ഖാദി ബോർഡ് നേരിട്ട് തേൻ നൽകിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

T—ഇന്നത്തേക്കു മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly